2026
APRIL
17
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പൊതുപ്രവർത്തകർ ആസ്തി വിവരങ്ങൾ നൽകണം

**തിരുവനന്തപുരം:** കേരളാ ലോകായുക്ത ആക്ട് പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ ഒഴികെയുള്ള പൊതുപ്രവർത്തകർ തങ്ങളുടേയും ആശ്രിതരായ കുടുംബാംഗങ്ങളുടേയും ആസ്തിബാധ്യത വിവരങ്ങളുടെ സ്റ്റേറ്റ്മെന്റ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കണം. സർക്കാർ രൂപീകരിച്ച സ്റ്റാറ്റിയൂട്ടറിയോ അല്ലാത്തതോ ആയ ബോർഡ്, കമ്മിറ്റി, അതോറിറ്റി, കോർപ്പറേഷൻ എന്നിവയിലെ അംഗങ്ങൾ, തൊഴിലാളി യൂണിയൻ ഭാരവാഹികൾ, രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല ഭാരവാഹികൾ, സർക്കാർ സഹായം ലഭിക്കുന്ന സ്കൂളുകളും കോളേജുകളും ഉൾപ്പെടെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് ഭാരവാഹികൾ തുടങ്ങിയവർ 2026 ജൂലൈ 31 ന് മുൻപും, സ്റ്റാറ്റിയൂട്ടറി ബോഡികൾ, സഹകരണ സംഘങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ബോർഡുകൾ എന്നിവയിലെ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ 2027 ജൂലൈ 31ന് മുൻപായും വിവരങ്ങൾ നൽകണം. www.lokayuktakerala.gov.in ൽ ലഭിക്കുന്ന ഫോറം എ, ബി, സി പ്രകാരം രജിസ്ട്രാർ ആന്റ് കോംപീറ്റന്റ് അതോറിറ്റി, കേരള ലോകായുക്ത തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ വിവരങ്ങൾ സമർപ്പിക്കണം. നിശ്ചിത സമയത്തിനുള്ളിൽ ആസ്തി വിവരങ്ങൾ സമർപ്പിക്കാത്തവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് ലോകയുക്ത രജിസ്ട്രാർ അറിയിച്ചു.

# എം.എസ് സുബ്ബലക്ഷ്മി ഫൗണ്ടേഷൻ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു

**കൊച്ചി:** എം.എസ് സുബ്ബലക്ഷ്മി ഫൗണ്ടേഷനും ശ്രീകൃഷ്ണ നാട്യ സംഗീത അക്കാദമിയും സംയുക്തമായി ഏർപ്പെടുത്തിയ ഈ വർഷത്തെ എം.എസ് സുബ്ബലക്ഷ്മി ഫൗണ്ടേഷൻ പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചു.

എം.എസ് സുബ്ബലക്ഷമി ഫൗണ്ടേഷൻ സംഗീത പ്രതിഭ പുരസ്ക്കാരത്തിന് കർണ്ണാടക സംഗീതജ്ഞ വിശാലാക്ഷി നിത്യാനന്ദും (ചെന്നൈ), സംഗീത രത്ന പുരസ്ക്കാരം പിന്നണി ഗായകൻ ശെങ്കോട്ടൈ ഹരിഹര സുബ്രമഹണ്യനും അർഹനായി. ചലച്ചിത്ര താരം നവ്യനായർക്കാണ് ചലച്ചിത്ര പ്രതിഭാ പുരസ്ക്കാരം. ദീർഘകാലം എം.എസ് സുബ്ബലക്ഷ്മി ഫൗണ്ടേഷന്റെ മുഖ്യ രക്ഷാധികാരിയും ജൂറി ചെയർമാനുമായിരുന്ന മുൻ ചീഫ് സെക്രട്ടറി സി.പി നായരുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ സി.പി നായർ മെമ്മോറിയൽ എൻഡോവ്മെന്റ് അവാർഡിന് ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ് അർഹനായി. ദൃശ്യമാധ്യമ പുരസ്ക്കാരത്തിന് 24 ന്യൂസ് ചാനൽ സീനിയർ ന്യൂസ് എഡിറ്റർ ഹാഷ്മി താജ് ഇബ്രാഹിം അർഹനായി.

മുൻ ചീഫ് സെക്രട്ടറി ഡോ. ജിജി തോംസൺ ചെയർമാനും കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. പി. ചന്ദ്രമോഹൻ, കേരള യൂണിവേഴ്സിറ്റി മുൻ ഡി.സി.സി ഡയറക്ടർ ഡോ. എം. ജയപ്രകാശ്, ചലച്ചിത്ര താരം സുനിൽ സുഖദ, വിജയകുമാരി മാധവൻ, ആർട്ടിസ്റ്റ് ജോഷേ എന്നിവർ അംഗങ്ങളായ ജൂറി കമ്മിറ്റിയാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്.

മെയ് മൂന്നിന് വൈകിട്ട് അഞ്ചിന് വർക്കല മുൻസിപ്പൽ ടൗൺഹാളിൽ നടക്കുന്ന സമ്മേളനത്തിൽ കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പുരസ്ക്കാര ദാനം നിർവ്വഹിക്കുമെന്ന് ഫൗണ്ടേഷൻ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

# വനിതാ സംവരണ ബിൽ കാലഘട്ടത്തിന്റെ ആവശ്യം: പ്രധാനമന്ത്രി

**ന്യൂഡൽഹി:** വനിതാ സംവരണ ബിൽ രാജ്യത്തിന്റെ രാഷ്ട്രീയവും ദിശയും മാറ്റിമറിക്കുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ലോക്സഭയിൽ പറഞ്ഞു. കാലങ്ങളായി മാറ്റി നിർത്തിയതിൽ രാജ്യത്തെ വനിതകളോട് പ്രായശ്ചിത്തം ചെയ്യേണ്ട സമയമാണിത്. മണ്ഡല പുനർനിർണയത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ പ്രാധാന്യം നൽകും. ബില്ലിന് പിന്നിൽ രാഷ്ട്രീയമില്ലെന്നും പ്രത്യയ ശാസ്ത്ര വിയോജിപ്പുകൾക്കപ്പുറം ഒരുമിച്ച് നിൽക്കേണ്ട സമയമാണിതെന്നും പ്രധാനമന്ത്രി ഓർമപ്പെടുത്തി.

'രാജ്യത്തെ ജനസംഖ്യയിൽ പകുതി വരുന്ന സ്ത്രീകളെ ഭരണത്തിന്റെ ഭാഗമാക്കാനുള്ള വലിയ അവസരമാണ് ഇത്. ഈ അവസരം കളയരുത്. വനിതാ സംവരണ ബിൽ കാലഘട്ടത്തിന്റെ ആവശ്യമാണ്. രാജ്യത്തിന്റെ വികസനയാത്രയിലെ സുപ്രധാന നിമിഷമാകും വനിതാ സംവരണ ബിൽ പാസാക്കുന്നത്. രാഷ്ട്രീയ കാരണങ്ങൾ കൊണ്ടാണ് ബില്ലിനെ പലരും എതിർക്കുന്നത്.

സ്ത്രീകൾക്ക് വേണ്ടിയുള്ള ഈ ബില്ലിനെ എതിർക്കുന്നവർക്ക് രാജ്യത്തെ സ്ത്രീകൾ മാപ്പ് നൽകില്ല. നമ്മൾ ഒരുമിച്ച് നിന്നാൽ അതിലൂടെ ഇതിഹാസം രചിക്കാം. ഇത് ഒരു പാർട്ടിയുടെ മാത്രം രാഷ്ട്രീയ ലാഭത്തിന് ഇടയാക്കില്ല. ജനാധിപത്യത്തിനും രാജ്യ പുരോഗതിക്കും ഇത് സഹായകരമാകും. പ്രതിപക്ഷം രഹസ്യമായി ബില്ലിനെ അനുകൂലിക്കുകയും പരസ്യമായി എതിർക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ സംവരണം അനുവദിച്ചവർ തന്നെ ലോക്സഭയിൽ ഇത് അനുവദിക്കാത്തത് വിരോധാഭാസമാണ്.

2024ൽ ഇത് നടപ്പാക്കാൻ സമയം ഉണ്ടായിരുന്നില്ല. 2029ലെങ്കിലും വനിതാ സംവരണ ബിൽ യാഥാർഥ്യമാക്കാൻ എല്ലാവരും സഹകരിക്കണം.

സ്ത്രീകളെ ശാക്തീകരിക്കാൻ ഒരുമിച്ച് ഒറ്റക്കെട്ടായി പ്രവർത്തിക്കണം. ഈ തീരുമാനം ആർക്കും ദോഷം ഉണ്ടാക്കില്ലെന്നും ലോക്സഭയിൽ സംസ്ഥാനങ്ങളുടെ അനുപാതം ഇതേ രീതിയിൽ തുടരുമെന്നും നരേന്ദ്ര മോദി ഉറപ്പുനൽകി.

This is an advertisement for information purpose and is not a prospectus announcement.
ICL FINCORP LIMITED
ICL Join ICL, Grow with us
ICL Fincorp
SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD
CREDIT RATING ACUITÉ BBB-/ STABLE
UP TO DOUBLE RETURNS IN 72 MONTHS*
*BASED ON AN EFFECTIVE YIELD OF
12.25%
ON CUMULATIVE BASIS UNDER OPTION X, 72 MONTHS, TDS AS APPLICABLE.
*T&C Apply
APPLY NOW +91 85890 20137, +91 85890 20186
ISSUE OPENS ON: APRIL 10, 2026 (FRIDAY) ISSUE CLOSES ON: APRIL 24, 2026 (FRIDAY)*
*The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of Directors or Debenture Issue Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of ten working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം ലോട്ടസ് ക്ലബ്ബ്:** എറണാകുളം ബ്രിഡ്ജ് അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലോട്ടസ് ബ്രിഡ്ജ് ടൂർണമെന്റ് രാവിലെ 10 മുതൽ.

■ **കൊച്ചി കോർപ്പറേഷൻ കൗൺസിൽ ഹാൾ:** കൊച്ചി കോർപ്പറേഷൻ കൗൺസിൽ യോഗം ഉച്ചകഴിഞ്ഞ് 3.00ന്

## കളമശേരി

■ **കളമശേരി ചാക്കോളാസ് പവലിയൻ:** അഡ്വാൻസ്ഡ് എൻഡോഗൈനക്കോളജി അന്താരാഷ്ട്ര കോൺഫ്രൻസ് രാവിലെ 10 മുതൽ

## തിരുവാങ്കുളം

■ **മാമല മുരിയമംഗലം ക്ഷേത്രം:** ഉൽവസത്തിനോടനുബന്ധിച്ച് ചെറിയ വിളക്ക്, ക്ലാസിക്കൽ ഡാൻസ്, തിരുവാതിര കളി വൈകിട്ട് ആറു മുതൽ

## തൃപ്പൂണിത്തുറ

■ **എരൂർ മുതുകുളങ്ങര സന്താനഗോപാല ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം:** ചെറിയ വിളക്കുൽസവം രാവിലെ എട്ടിന് ശീവേലി പഞ്ചാരി മേളം വൈകിട്ട് 6.30 മുതൽ തിരുവാതിരകളി.

# ഉയർന്ന താപനില; മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥ വകുപ്പ്



**തിരുവനന്തപുരം:** കേരളത്തിൽ ഉയർന്ന താപനില മുന്നറിയിപ്പുമായി കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഏപ്രിൽ 19 വരെ പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം ജില്ലയിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം ജില്ലയിൽ ഉയർന്ന താപനില 38 ഡിഗ്രിസെൽഷ്യസ് വരെയും; തിരുവനന്തപുരം , പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സാധാരണയേക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ കൂടുതലാണിതെന്നും അധികൃതർ വ്യക്തമാക്കി. ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ, ഈ ദിവസങ്ങളിൽ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അധികൃതർ അറിയിച്ചു

# ഓട്ടിസമുള്ള കുട്ടികൾക്കായി ടാലന്റ് ഷോ സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ഓട്ടിസത്തെ കുറിച്ചുള്ള അവബോധവും സ്വീകാര്യതയും വളർത്തുന്നതിനായി ടാലന്റ് ഷോ സംഘടിപ്പിച്ച് ആസ്റ്റർ മെഡ്സിറ്റി. ലോക ഓട്ടിസം അവബോധ ദിനത്തിന്റെ ഭാഗമായി ആസ്റ്ററിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ പീഡിയാട്രിക്സ് ആന്റ് നിയോനാറ്റോളജിയുടെ കീഴിലുള്ള കിഡ്സ് ഇന്റഗ്രേറ്റഡ് ന്യൂറോ ഡെവലപ്മെന്റൽ സെന്ററിന്റെ നേതൃത്വത്തിലായിരുന്നു പരിപാടി. ടാലന്റ് ഷോ കൂടാതെ കലാ സെഷനുകൾ, അനുഭവങ്ങൾ പങ്കുവെക്കൽ എന്നിവയിലൂടെ ഓട്ടിസമുള്ള വ്യക്തികളുടെ മികച്ച കഴിവുകൾ എടുത്തുകാട്ടുന്നതായിരുന്നു പരിപാടി. ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റോളജി സീനിയർ കൺസൾട്ടന്റ് ഡോ. ജീസൺ സി. ഉണ്ണി, ഡെവലപ്മെന്റൽ പീഡിയാട്രിക്സിലെ ഡോ. അനിത വിജയൻ, സീനിയർ സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് ഡോ. മരിയ ഗ്രേസ് ട്രീസ എന്നിവർ ചടങ്ങിന്റെ ഭാഗമായി. ഐഎപി കൊച്ചിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ഡോ. വിജയൻ കെ. ജി., സെക്രട്ടറി ഡോ. സത്യജിത്ത് നായർ, കൊച്ചി റോട്ടറി ക്ലബ്ബിൽ നിന്നും ജെ.ജെ. തോമസ് എന്നിവരും പരിപാടിയിൽ പങ്കുചേർന്നു. ഡേ ഡ്രീംസ് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിലെ കുട്ടികളുടെ പ്രദർശനം പരിപാടിയിൽ നടന്നു. തുടർന്ന് ഡോ. ബേബി ചക്രപാണി (കുസാറ്റ്) നടത്തിയ പ്രഭാഷണവും സ്മൃതി സന്തോഷിന്റെ ക്രിയേറ്റീവ് ആർട്ട് സെഷനും കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി നടന്നു. ഓട്ടിസമുള്ള വ്യക്തികൾ നിർമ്മിച്ച കലാസൃഷ്ടികളുടെ പ്രദർശനവും വിൽപനയും സംഘടിപ്പിച്ചിരുന്നു. എറണാകുളം ഓട്ടിസം ക്ലബ്ബിന്റെ 'ഓസം ബൈറ്റ്സ് നിർമിച്ച പലഹാരങ്ങൾ, 'ലൂയിസ് കാൻഡിൽസ്' നിർമിച്ച സുഗന്ധ മെഴുകുതിരികൾ എന്നിവ ശ്രദ്ധേയമായി. ഓട്ടിസം കാരണം സംസാരശേഷിക്ക് പരിമിതികളുള്ള എഴുത്തുകാരുടെ 'ടോക്കിങ് ഫിംഗേഴ്സ്' എന്ന പുസ്തകമായിരുന്നു മറ്റൊരു ആകർഷണം.

# കൊക്ക കോളയുടെ 'ഹാഫ് ടൈം' ക്യാമ്പയിൻ

**കൊച്ചി:** ദൈനംദിന ജീവിതത്തിലെ തിരക്കുകൾക്കിടയിൽ മനസ്സിനെ വർത്തമാനകാല നിമിഷങ്ങളിലേക്ക് തിരികെ എത്തിക്കുന്നതിനായി പുതിയ 'ഹാഫ് ടൈം' പരസ്യ പ്രചാരണം കൊക്ക കോള പ്രഖ്യാപിച്ചു. താരങ്ങളായ ദിൽജിത് ദോസഞ്ജും ജാൻവി കപൂറുമാണ് പുതിയ ക്യാമ്പയിനിൽ അണിനിരക്കുന്നത്. ആധുനിക ജീവിതത്തിന്റെ ഓട്ടപാച്ചിലിനിടയിൽ നഷ്ടമാകുന്ന അർത്ഥവത്തായ ചെറിയ നിമിഷങ്ങളെ വീണ്ടെടുക്കാനും, ഉന്മേഷദായകമായ ഒരു ഇടവേളയിലൂടെ ആളുകളെ സജീവമാക്കാനുമാണ് ഈ ക്യാമ്പയിൻ ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

ദക്ഷിണേന്ത്യൻ വിപണികൾക്കായി ജാൻവി കപൂർ അഭിനയിക്കുന്ന തമിഴ്, കന്നഡ, പതിപ്പുകളാണ് പുറത്തിറക്കുന്നത്. ഡോൺ ഭട്ടിന്റെ റെട്രോ സംഗീതവും വിവേക് ഹരിഹരൻ, ആരിഫ റെബെല്ലോ എന്നിവരുടെ ആലാപനവും ഈ ക്യാമ്പയിന്റെ പ്രത്യേകതയാണ്.

# എറണാകുളം ശ്രീ അയ്യപ്പൻകോവിലിൽ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 19 മുതൽ

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻകോവിലിൽ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 19 മുതൽ 26 വരെ നടക്കും. വിമൽ വിജയ് കന്യാകുമാരിയാണ് യജ്ഞാചാര്യൻ. 19 നു വൈകിട്ട് 6 മണിക്ക് പച്ചാളം കാട്ടുങ്കൽ ഭഗവതി ക്ഷേത്രത്തിൽ നിന്ന് യജ്ഞശാലയിൽ പ്രതിഷ്ഠിക്കുവാനുള്ള ശ്രീകൃഷ്ണ വിഗ്രഹ ഘോഷയാത്ര ആരംഭിക്കും. വൈകിട്ട് 7 മണിക്ക് ആചാര്യവരണം രക്ഷാധികാരി പി വി ചിദംബരം പനക്കൽ നിർവഹിക്കും. ഡെപ്യൂട്ടി മേയർ ദീപക് ജോയ് സപ്താഹയജ്ഞം ഉദ്ഘാടനം ചെയ്യും. തുടർന്ന് ഭാഗവത മാഹാത്മ്യ പ്രഭാഷണം നടക്കും. എസ് എൻ ഡി സമാജം പ്രസിഡന്റ് സി എം ശോഭനൻ അധ്യക്ഷത വഹിക്കും. കെ.ജി ശ്രീനിവാസ തന്ത്രി വിഗ്രഹ പ്രതിഷ്ഠ നിർവഹിക്കും. ക്ഷേത്രം മേൽശാന്തി പി.ബി സുധി ദീപ പ്രോജ്ജ്വലനവും അഡ്വ. വി പി സീമന്തിനി നാണയപ്പറ സമർപ്പണവും നടത്തും. കൗൺസിലർ ജലജ എസ് ആചാര്യ പങ്കെടുക്കും. എസ് എൻ ഡി സമാജം സെക്രട്ടറി പി. ഐ രാജീവ് സ്വാഗതവും ദേവസ്വം മാനേജർ ഇ രാജീവൻ നന്ദിയും പറയും.

എല്ലാ ദിവസവും രാവിലെ 6 നു ഗണപതി ഹോമവും 6.30 നു സമൂഹ പ്രാർഥന, കീർത്തനം ഗ്രന്ഥ നമസ്കാരം എന്നിവയും 7 മുതൽ 8.30 വരെ ഭാഗവത പാരായണവും നടക്കും. 20 നു വരാഹാവതാരം വിശേഷാൽ പൂജ നടക്കും. 21 നു ഋഷഭാവതാരം ഭദ്രകാളി പ്രാദുർഭാവം വിശേഷാൽ പൂജയും 22 ന് നരസിംഹാവതാരം വിശേഷാൽ പൂജയും 23 ന് ശ്രീരാമാവതാരം വിശേഷാൽ പൂജയും 24 ന് രുഗ്മിണീ സ്വയംവരം വിശേഷാൽ പൂജയും 25 ന് കുചേല സദ്ഗതി വിശേഷാൽ പൂജയും നടക്കും.

24 ന് രുഗ്മിണി സ്വയംവര ഘോഷയാത്ര പരമാര ഭഗവതി ക്ഷേത്രത്തിൽ നിന്ന് വൈകിട്ട് അഞ്ചിന് നാദസ്വരം, താലം, നൃത്തം എന്നിവയുടെ അകമ്പടിയോടെ ആറരയ്ക്ക് ക്ഷേത്രത്തിൽ എത്തിച്ചേരും.

സമാപന ദിവസമായ 26 ന് സ്വർഗാരോഹണം വിശേഷാൽപൂജ നടക്കും. എല്ലാ ദിവസവും ഉച്ചയ്ക്ക് 1 മുതൽ 2 വരെ നാരായണീയ പാരായണം നടക്കും. 26 ന് ഞായറാഴ്ച മഹാപ്രസാദ ഊട്ടും ഉണ്ടായിരിക്കും.

# സി.ബി.എസ്.ഇ പത്താം ക്ലാസ് ഫലം: നൂറ് ശതമാനം വിജയവുമായി സൻസ്കാര സ്കൂൾ

**കൊച്ചി:** സി.ബി.എസ്.ഇ പത്താം ക്ലാസ് പരീക്ഷയിൽ നൂറ് ശതമാനം വിജയവുമായി സൻസ്കാര സ്കൂൾ, കൊച്ചി. 82 ശതമാനം വിദ്യാർത്ഥികളാണ് ഡിസ്റ്റിങ്ഷൻ കരസ്ഥമാക്കിയിരിക്കുന്നത്. 37 ശതമാനം വിദ്യാർത്ഥികൾ 90 ശതമാനത്തിന് മുകളിൽ മാർക്ക് നേടുകയും ചെയ്തു.

ആദിത്യ പ്രമോദ് (99.4%), അനാഹിത അനീഷ് മേപ്പുറത്ത് (99%), കാത്തി ആൻ തോമസ് (98.2%), ഫാത്തിമ യാസ്മിൻ (96.6%), ലിയോൺ ജോർജ് ബിജോ (96.6%) എന്നിവരാണ് ഈ അധ്യയന വർഷത്തെ സ്കൂൾ ടോപ്പേഴ്സ്. ഉന്നത വിജയം നേടിയ വിദ്യാർഥികളെയും അവർക്ക് ആവശ്യമായ പിന്തുണയും മാർഗനിർദേശങ്ങളും നൽകിയ രക്ഷിതാക്കളെയും അധ്യാപകരെയും സൻസ്കാര സ്കൂൾ മാനേജ്മെന്റ് പ്രത്യേകം അഭിനന്ദിച്ചു.

അക്കാദമിക് മികവിനൊപ്പം സർഗ്ഗാത്മകത, കായികം, സംരംഭകത്വം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയ്ക്കും മുൻഗണന നൽകുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനരീതിയാണ് സൻസ്കാര സ്കൂൾ മുന്നോട്ടുവെക്കുന്നത്.



*ആദിത്യ പ്രമോദ് (99.4%), അനാഹിത അനീഷ് മേപ്പുറത്ത് (99%), കാത്തി ആൻ തോമസ് (98.2%), ഫാത്തിമ യാസ്മിൻ (96.6%), ലിയോൺ ജോർജ് ബിജോ (96.6%) (ഇടത് നിന്ന്).*

സൊസൈറ്റി ടുഡേ
SOCIETY TODAY

# സാന്നിധ്യത്തിലൂടെയുള്ള സാക്ഷ്യമാണ് സന്യാസജീവിതം: മാർ റാഫേൽ തട്ടിൽ

**കാക്കനാട്:** വാക്കുകളേക്കാൾ ഉപരിയായി സ്വന്തം ജീവിത സാന്നിധ്യത്തിലൂടെ സമൂഹത്തിന് നൽകുന്ന സാക്ഷ്യമാണ് സന്യാസജീവിതത്തിന്റെ യഥാർത്ഥ പ്രസക്തിയെന്ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പറഞ്ഞു. സീറോമലബാർ സഭയിലെ സമർപ്പിത അപ്പസ്തോലിക സമൂഹങ്ങൾക്കായി സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സുപ്പീരിയർ ജനറൽമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യാഖ്യാനങ്ങളുടെ ആവശ്യമില്ലാതെ ആർക്കും ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്ന ജീവിതമാതൃകകളാണ് ഇന്നത്തെ ലോകത്തിന് ആവശ്യമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പബ്ലിക് അഫയേഴ്സ് കമ്മീഷൻ കൺവീനർ മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. സഭയിലെ വിവിധ സമർപ്പിത സമൂഹങ്ങളിൽ നിന്നുള്ള അറുപതോളം സുപ്പീരിയർ ജനറൽമാരും മറ്റ് മേജർ സുപ്പീരിയേഴ്സും സമ്മേളനത്തിൽ പങ്കെടുത്തു. കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ വടക്കേൽ എം.എസ്.റ്റി, കമ്മീഷൻ അംഗം മാർ ജോസഫ് അരുമച്ചാടത്ത് എം.സി.ബി.എസ്, കമ്മീഷൻ സെക്രട്ടറി റവ. ഡോ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിൽ എം.സി.ബി.എസ്, പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജെയിംസ് കൊക്കാവയലിൽ, കമ്മീഷൻ ജോയിന്റ് സെക്രട്ടറി സി. ജെസ്സി മരിയ ഓ.പി. എന്നിവർ സമ്മേളനത്തിൽ പ്രസംഗിച്ചു.



*സീറോമലബാർ സഭയിലെ സമർപ്പിത-അപ്പസ്തോലിക സമൂഹങ്ങൾക്കായി സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സുപ്പീരിയർ ജനറൽമാരുടെ സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നിർവഹിക്കുന്നു. ആർച്ചുബിഷപ്പ് മാർ സെബാസ്റ്റ്യൻ വടക്കേൽ എം.എസ്.റ്റി, ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ ജോസഫ് അരുമച്ചാടത്ത് എന്നിവർ സമീപം.*

# മാർട്ടിൻ ഇമ്മാനുവേൽ 'ഈമ' കേരള ഘടകം മേധാവി



*മാർട്ടിൻ ഇമ്മാനുവേൽ.*

**കൊച്ചി:** ഇവന്റ് മാനേജ്മെന്റ് രംഗത്തെ ദേശീയ സംഘടനയായ ഇവന്റ് ആന്റ് എന്റർടെയിൻമെന്റ് മാനേജ്മെന്റ് അസോസിയേഷന്റെ (ഈമ) കേരള ഘടകം മേധാവിയായി മാർട്ടിൻ ഇമ്മാനുവേലിനെ തെരഞ്ഞെടുത്തു. ഇവന്റ് മാനേജ്മെന്റ് രംഗത്തെ രാജ്യത്തെ ഏറ്റവും വലിയ സംഘടനയായ ഈമയുടെ ദേശീയ ഗവേണിംഗ് കൗൺസിലാണ് മാർട്ടിനെ തിരഞ്ഞെടുത്തത്. കേരളത്തിലെ പ്രമുഖ ഇവന്റ് മാനേജ്മെന്റ് കമ്പനിയായ റാസ്മറ്റാസ് വെഞ്ചേഴ്സ് ഫൗണ്ടറും മാനേജിങ്ങ് ഡയറക്ടറുമാണ് മാർട്ടിൻ.

# ഉയർന്ന ചൂട്; ജാഗ്രതാ നിർദ്ദേശങ്ങളുമായി ദുരന്തനിരവാരണ അതോരിറ്റി

**തിരുവനന്തപുരം:** ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നും പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോരിറ്റി.



* പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.
* ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. പരമാവധി ശുദ്ധജലം കുടിക്കുക.
* നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക.
* അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
* പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.
* പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ORSലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.
* മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക.
* ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിന്റെ നിർദേശങ്ങൾ കർശനമായി പാലിക്കണം.
* വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളവും ക്ലാസ്സ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കേണ്ടതാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.
* വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേകശ്രദ്ധ പുലർത്തേതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ 3 വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.
* അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.
* കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.
* ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് (11 മുതൽ 3 വരെ ) സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും, അതുപോലെ, ആവശ്യമെങ്കിൽ യാത്രക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.
* മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്ത് കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്കു കുടിവെള്ളം നൽകി നിർജലീകരണം തടയുവാൻ സഹായിക്കുക.
* പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11 മുതൽ വൈകുന്നേരം 3 വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.
* യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. വെള്ളം കയ്യിൽ കരുതുക.
* നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.
* ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജല ലഭ്യത ഉറപ്പാക്കുക.
* കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.
* ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ കുടിവെള്ളം എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കയ്യിൽ കരുതുക.
* അസ്വസ്ഥകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.
* കാലാവസ്ഥ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ചിക്കുൻഗുനിയക്കെതിരെ ജാഗ്രത മുന്നറിയിപ്പുമായി ആരോഗ്യവകുപ്പ്

എറണാകുളം ജില്ലയിൽ കുന്നുകര, ചെങ്ങമനാട് എന്നിവിടങ്ങളിൽ ചിക്കുൻ ഗുനിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകി. ഇതുവരെ 9 സ്ഥിരീകരിച്ച കേസുകളും 19 സംശയിക്കുന്ന കേസുകളുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കുന്നുകര പഞ്ചായത്തിൽ 24 (18 സംശയിക്കുന്നത്, 6 സ്ഥിരീകരിച്ചത്) ചെങ്ങമനാട് നാല് ( സ്ഥിരീകരിച്ചത് 3, സംശയിക്കുന്നത് 1) കേസുകളുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രോഗബാധിത പ്രദേശങ്ങളിൽ പ്രതിരോധ നിയന്ത്രണ ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരികയാണ് .



## രോഗലക്ഷണങ്ങൾ

പെട്ടെന്നുള്ള കഠിനമായ പനി, സന്ധികളിൽ (പ്രത്യേകിച്ച് കൈകൾ, കണങ്കാലുകൾ, കാൽ മുട്ടുകൾ) എന്നിവിടങ്ങളിൽ വീക്കം അതികഠിനമായ വേദന, പേശിവേദന, തലവേദന, ക്ഷീണം, ചില ആളുകളിൽ ചർമത്തിൽ തടിപ്പ് എന്നിവയാണ് ചിക്കുൻഗുനിയുടെ രോഗലക്ഷണങ്ങൾ. ലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തി ചികിത്സ തേടേണ്ടതാണ്. സ്വയം ചികിത്സ ഒഴിവാക്കുക.

## രോഗബാധിതർ ശ്രദ്ധിക്കുക

സ്വയം ചികിത്സ പാടില്ല. ഡോക്ടറുടെ നിർദ്ദേശം ഇല്ലാതെ വേദനസംഹാരികൾ പോലെയുള്ള മരുന്നുകൾ വാങ്ങി കഴിക്കരുത്. യഥാസമയം ചികിത്സ തേടുന്നത് രോഗനിർണ്ണയത്തിനും ചികിത്സക്കും പ്രധാനമാണ്. പകൽ സമയം വിശ്രമിക്കുന്നതും ഉറങ്ങുന്നതും കൊതുകുവലയ്ക്കുള്ളിൽ ആയിരിക്കണം. നന്നായി വെള്ളം കുടിക്കുകയും പോഷക സമൃദ്ധമായ ഭക്ഷണം കഴിക്കുകയും വിശ്രമിക്കുകയും വേണം.

## ഉറവിട നശീകരണം പ്രധാനം

ഈഡിസ് വിഭാഗത്തിൽ പെട്ട ഈഡിസ് ഈജിപ്തി / ആൽബോപിക്റ്റസ് കൊതുകുകൾ പരത്തുന്ന വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് ചിക്കുൻഗുനിയ. ഈഡിസ് കൊതുകുകളാണ് രോഗകാരണമെന്നതിനാൽ ഉറവിട നശീകരണവും പകൽ സമയത്ത് കൊതുക് കടിയിൽ നിന്നു സംരക്ഷണം തേടുന്നതും രോഗപ്രതിരോധത്തിന് പ്രധാനമാണ്. ഈഡിസ് കൊതുക് ഒരു സമയം 100 – 200 മുട്ടകൾ വരെ ഇടും. അതിന്റെ ജീവിതകാലത്ത് 500 മുതൽ 1000 മുട്ട വരെ ഇടാം. ഈ മുട്ടകൾ ഒരുവർഷം വരെ കേടുകൂടാതെയിരിക്കും. മുട്ടയിട്ട് വെക്കുന്ന പ്രതലത്തിൽ വെള്ളം ലഭിച്ചാൽ ഒരു ആഴ്ച കൊണ്ട് കൊതുകായിമാറും. വൈറസ് ബാധയുള്ള കൊതുകിന്റെ മുട്ടയിലും വൈറസ് ഉണ്ടാകും.

## കൊതുക് മുട്ടയിട്ട് പെരുകാനിടയുള്ള എല്ലാ സാഹചര്യങ്ങളും ഒഴിവാക്കണം

മനുഷ്യരുടെ വാസസ്ഥലത്തോട് ചേർന്നാണ് ഈ കൊതുകുകൾ കൂടുതലായും കാണുന്നത് എന്നതിനാൽ വീടിനുള്ളിലും പരിസരത്തും കൊതുകു മുട്ടയിട്ടു പെരുകാനിടയുള്ള എല്ലാ സാഹചര്യങ്ങളും ഒഴിവാക്കണം. എത്ര ചെറിയ അളവ് വെള്ളത്തിലും ഈ കൊതുകുകൾ മുട്ടയിട്ടു പെരുകും. വേനൽ മഴ ഇടവിട്ടു പെയ്യുന്നതിനാൽ മഴക്ക് ശേഷം വെള്ളം കെട്ടിനിൽക്കുന്ന സാഹചര്യങ്ങളുണ്ടോയെന്ന് പരിശോധിച്ച് അവ ഇല്ലാതാക്കണം.



വീടിന് പരിസരത്ത് ഉള്ള പാഴ് വസ്തുക്കളിൽ മാത്രമല്ല, വെള്ളം നിറച്ചുവെക്കുന്ന പാത്രങ്ങൾ, ടാങ്കുകൾ, മണി പ്ലാന്റുകൾ പോലെയുള്ള അലങ്കാര
ചെടികൾ വെള്ളത്തിൽ വളർത്തുന്ന പാത്രങ്ങൾ, ചെടിച്ചട്ടി, ചെടിച്ചട്ടിയുടെ ട്രേ, ജലസസ്യങ്ങൾ വളർത്തുന്ന തൊടികളിലും മറ്റും കൊതുക് വളരാനുള്ള സാഹചര്യം ഉണ്ടാകാം. കെട്ടിടം പണി പോലെയുള്ള നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ വെള്ളം ശേഖരിക്കുന്ന വീപ്പുകളിലും മറ്റും കൊതുക് മുട്ടയിട്ട് പെരുകാൻ ഇടയുണ്ട്. റബർ തോട്ടങ്ങളിലെ ചിരട്ടകൾ പാൽ ശേഖരിച്ച ശേഷം കമഴ്ത്തിവെക്കാൻ ശ്രദ്ധിക്കാത്തതും ഉപയോഗശൂന്യമായ ചിരട്ടകൾ തോട്ടത്തിൽ വലിച്ചെറിയുന്നതും കൊതുകിന്റെ ഉറവിടങ്ങൾ ആകാറുണ്ട്.

പ്രതിവാര ഉറവിട നശീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതു ഇടങ്ങളിലും ആക്രിക്കടകൾ അടക്കമുള്ള കടകളുടെ പരിസരത്തും ടയറുകൾ എന്നിവിടങ്ങളിൽ വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യങ്ങൾ ശ്രദ്ധയോടെ നിരീക്ഷിച്ചു കണ്ടെത്തി ഒഴിവാക്കേണ്ടതാണ്.

## 10,000 രൂപ വരെ പിഴയടയ്ക്കേണ്ടി വരും

കൊതുകു പെരുകുന്ന സാഹചര്യം ഉണ്ടെങ്കിൽ നിയമനടപടി നേരിടേണ്ടി വരും. പൊതുജനാരോഗ്യ നിയമം 2023 പ്രകാരം വീടുകളുടെയും സ്ഥാപനങ്ങളുടെയും തോട്ടങ്ങളുടെയും പരിസരത്ത് കൊതുകു പെരുകാനുള്ള സാഹചര്യങ്ങൾ ഉണ്ടായാൽ 10,000 രൂപ വരെ പിഴയടയ്ക്കേണ്ടിവരും.

## പ്രതിരോധ മാർഗങ്ങൾ

വീടും പരിസരവും ശുചിയായി സൂക്ഷിക്കുക.
കൊതുകുകൾ മുട്ടയിടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക. (ഉദാഹരണത്തിന്: വെള്ളം കെട്ടിനിൽക്കുന്ന പാത്രങ്ങൾ, ടയറുകൾ, ചിരട്ടകൾ എന്നിവ നീക്കം ചെയ്യുക).



* വീട്ടിലെ ജല സംഭരണികൾ അടച്ചു വെക്കുക.
* ആഴ്ചയിലൊരിക്കൽ അലങ്കാര ചെടികൾ വളർത്തുന്ന പാത്രങ്ങളിലെ വെള്ളം മാറ്റണം. വെള്ളത്തിന് പകരം മണ്ണിട്ട് ഇവ വളർത്തുന്നതാണ് ഉചിതം.
* ചെടിച്ചട്ടി, ചെടിച്ചട്ടിയുടെ ട്രേ എന്നിവയിൽ കെട്ടികിടക്കുന്ന വെള്ളം നീക്കം ചെയ്യുക
* വെള്ളം ശേഖരിച്ചു വെക്കുന്ന പാത്രങ്ങൾ കൊതുകുകടക്കാത്തവിധം അടച്ചു സൂക്ഷിക്കുകയും നന്നായി ഉരച്ചു കഴുകി വൃത്തിയാക്കുകയും വേണം
* ഉപയോഗ ശൂന്യമായ ടയറുകൾ മണ്ണിട്ട് നിറക്കുകയോ വെള്ളം കെട്ടിനിൽക്കാത്തരീതിയിൽ സൂക്ഷിക്കുകയും വേണം
* ഉപയോഗ ശൂന്യമായ വസ്തുക്കൾ പരിസരത്തുനിന്ന് നീക്കം ചെയ്യുകയോ വെള്ളം കെട്ടിനിൽക്കാത്തവിധം കമഴ്ത്തി സൂക്ഷിക്കുകയോ ചെയ്യുക.
* പകൽ സമയത്തും കൊതുക് കടിയിൽ നിന്ന് രക്ഷ നേടാൻ കൊതുക് വലകൾ, ലേപനങ്ങൾ എന്നിവ ഉപയോഗിക്കുക.
* ശരീരം മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക.
* പകൽ സമയത്തും കൊതുകുകൾ കടിക്കാൻ സാധ്യതയുള്ളതിനാൽ ശ്രദ്ധിക്കുക.
* എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തുക.

കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളിൽ സഹകരിക്കുക.

*ചിക്കുൻഗുനിയ ലക്ഷണങ്ങൾ കണ്ടാൽ ഉടൻ ആരോഗ്യ പ്രവർത്തകരെ അറിയിക്കുക.

*ചിക്കുൻഗുനിയയെ പ്രതിരോധിക്കാൻ കൂട്ടായ ശ്രമം അനിവാര്യമാണ്. വെള്ളിയാഴ്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, ശനിയാഴ്ച ഓഫീസുകളിലും, പൊതുസ്ഥലങ്ങളിലും, ഞായറാഴ്ച വീടുകളിലും ഉറവിട നശീകരണത്തിനായുള്ള ഡ്രൈ ഡേ കൃത്യമായി നടത്തുക. പൊതുജനങ്ങളുടെ സഹകരണത്തോടെ ഈ രോഗത്തെ നമുക്ക് നിയന്ത്രിക്കാൻ സാധിക്കും.

# മാനേജ്മെന്റ് വിദ്യാർത്ഥികൾക്ക് കരിയർ മാർഗനിർദേശവുമായി എഫ്ഐഐബി

**കൊച്ചി/ തൃശ്ശൂർ:** മാനേജ്മെന്റ് പഠനത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് കരിയർ മാർഗനിർദേശം നൽകുന്നതിനായി ഫോർട്യൂൺ ഇന്റർനാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ബിസിനസ് സംഘടിപ്പിക്കുന്ന ഇന്ററാക്ടീവ് സെഷൻ ഏപ്രിൽ 24ന് തൃശൂരിൽ നടക്കും. എഫ്ഐഐബി മിക്സർ എന്ന പേരിൽ സംഘടിപ്പിക്കുന്ന സെഷൻ വടക്കേസ്റ്റാൻഡിന് സമീപം, പാട്ടുരായ്ക്കലിലെ ദി ലില്ലിയിൽ ഉച്ചയ്ക്ക് 12.30ന് ആംരിഭിക്കും.

വിദ്യാർത്ഥികളും അധ്യാപകരുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന പ്ലാറ്റ്ഫോമായ ഈ പരിപാടി, എഫ്ഐഐബിയുടെ അക്കാദമിക് സംവിധാനം, പഠനരീതി, ക്യാമ്പസ് ജീവിതം, കരിയർ സാധ്യതകൾ തുടങ്ങിയവയെക്കുറിച്ചുള്ള വ്യക്തത നൽകുകയാണ് ലക്ഷ്യമിടുന്നത്. പിജിഡിഎം, പിജിഡിഎം (ഫൈനാൻഷ്യൽ മാനേജ്മെന്റ്) കോഴ്സുകൾ, പ്രവേശന നടപടികൾ, സ്കോളർഷിപ്പ് അവസരങ്ങൾ, അപേക്ഷാ സമയക്രമം എന്നിവയെക്കുറിച്ചും വിശദീകരണം നൽകും. ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ്, ക്യാമ്പസ് അനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ നേരിട്ടുള്ള അനുഭവങ്ങൾ പങ്കുവെക്കുന്നതും പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കും.

ശരിയായ മാനേജ്മെന്റ് സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നത് കൂടുതൽ വ്യക്തതയും നേരിട്ടുള്ള ആശയവിനിമയവും ആവശ്യപ്പെടുന്ന പ്രക്രിയയാണ്. അതിനായാണ് എഫ്ഐഐബി മിക്സർ പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് എഫ്ഐഐബി പ്രസിഡന്റും സിഇഒയുമായ രാധിക ശ്രീവാസ്തവ പറഞ്ഞു. അംഗീകൃത കോഴ്സുകൾ വഴി ഇൻഡസ്ട്രിയുമായി ബന്ധിപ്പിച്ച പഠനരീതി, ലൈവ് പ്രോജക്ടുകൾ, കോർപ്പറേറ്റ് എക്സ്പോഷർ എന്നിവ ഉൾപ്പെടുത്തി വിദ്യാർത്ഥികളെ തൊഴിൽ രംഗത്തിനായി തയ്യാറാക്കുന്നതിൽ എഫ്ഐഐബി ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി അധികൃതർ അറിയിച്ചു.

# ഫോക്സ്വാഗൺ ടൈഗൺ ഇന്ത്യയിൽ ലോഞ്ച് ചെയ്തു

**കൊച്ചി:** ഫോക്സ്വാഗൺ ഇന്ത്യ ഇന്ത്യയിൽ പുതുക്കിയ ടൈഗൺ എസ്‌യുവി ?10.99 ലക്ഷം (എക്സ്-ഷോറൂം) ആരംഭ വിലയിൽ പുറത്തിറക്കി. പുതിയ മോഡലിൽ ഏകദേശം 40 അപ്ഡേറ്റുകൾ ഉൾപ്പെടുത്തിയിട്ടു്. കൂടാതെ ഒമ്പത് നിറങ്ങളിലുള്ള ഓപ്ഷനുകളും ലഭ്യമാണ്. 1.0 ലിറ്റർ ടിഎസ്ഐ പെട്രോൾ എൻജിനോടൊപ്പം പുതിയ 8-സ്പീഡ് ഓട്ടോമാറ്റിക് ഗിയർബോക്സ് ഉൾപ്പെടുത്തിയതിലൂടെ മികച്ച പ്രകടനവും ഇന്ധനക്ഷമതയും ഉറപ്പാക്കുന്നു.

കൂടാതെ, മൂന്ന് വർഷം അല്ലെങ്കിൽ 30,000 കിലോമീറ്റർ വരെ ഉപയോഗത്തിനായി 75% റെസിഡ്വൽ വാല്യൂ ഉറപ്പുനൽകുന്ന അസ്യൂർഡ് ബൈബാക്ക് പദ്ധതിയും കമ്പനി അവതരിപ്പിച്ചു. ഈ ഓഫർ 2026 മേയ് 31 വരെ ബുക്കിംഗ് ചെയ്യുന്നവർക്കാണ് ലഭിക്കുക. കൂടുതൽ ഫീച്ചറുകളും സുരക്ഷയും മികച്ച മൂല്യവും നൽകുന്നതാണ് പുതുക്കിയ ടൈഗൺ എന്ന് ബ്രാൻഡ് ഡയറക്ടർ നിതിൻ കോഹ്ലി അറിയിച്ചു.




# അൽ അമീൻ ബ്ലൂം ക്വസ്റ്റ് 2026 സമ്മർ ക്യാമ്പ്

**കൊച്ചി:** അൽഅമീൻ സമ്മർ ക്യാമ്പ് ബ്ലൂം ക്വസ്റ്റ് 2026 മേയ് 11 മുതൽ 15 വരെ തീയതികളിൽ ഇടപ്പള്ളി അൽ അമീൻ പബ്ലിക് സ്കൂളിൽ നടക്കും. പുതിയ വിദ്യാഭ്യാസ നയത്തിന്റെയും പാഠ്യ പദ്ധതികളുടെയും ആശയങ്ങളും കൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഈ വർഷത്തെ സമ്മർ ക്യാമ്പ് നടത്തപ്പെടുന്നതെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കി.

വിദ്യാർഥികളുടെ സ്വഭാവ രൂപീകരണവും, കലാ കായിക, സാഹിത്യ രംഗങ്ങളിലെ നൈപുണ്യവും ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ക്യാമ്പിൽ 4 വയസുമുതൽ 13 വയസുവരെയുള്ള വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്. എല്ലാ സ്കൂളുകളിലെയും വിദ്യാർഥികൾക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്. ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനായി കുട്ടികളുടെ പ്രായമനുസരിച്ച് പല വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. കലാകരകൗശല ശിൽപ്പശാലകൾ, സാഹിത്യ പ്രവർത്തനങ്ങൾ, പ്രസംഗ പരിശീലനം, ഫീൽഡ് ട്രിപ്പുകൾ, നേച്ചർ വാക്ക്, സൃഷ്ടിപരവും സംവേദനാത്മകവുമായ പഠനാനുഭവങ്ങൾ ഇവയെല്ലാം ക്യാമ്പിന്റെ സവിശേഷതകളാണ്. കുട്ടികളുടെ സ്വഭാവരൂപ വൽക്കരണ ദിശയിൽ മനുഷ്യത്വപരവും, മാതൃകാപരവുമായ ജീവിത പരിശീലനങ്ങളും, പഠന വിഷയങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്യാംപ് മെയ് 15ന് സമാപിക്കും.

# കോഗ്നിസന്റ് ടെക്നോവേഴ്സ് ഹാക്കത്തോൺ 2026 ആരംഭിച്ചു

**കൊച്ചി:** കോഗ്നിസന്റ് സംഘടിപ്പിക്കുന്ന ടെക്നോവേഴ്സ് ഹാക്കത്തോൺ 2026 രാജ്യവ്യാപകമായി ആരംഭിച്ചു. ഇന്ത്യയിലുടനീളം 400-ലധികം കോളേജുകളിൽ നിന്നുള്ള 20,000-ത്തിലധികം പ്രീ-ഫൈനൽ ഇയർ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ പങ്കെടുക്കും. എഐ അധിഷ്ഠിത പ്രശ്നപരിഹാരവും നവീകരണ ശേഷിയും തെളിയിക്കാൻ വിദ്യാർത്ഥികൾക്ക് വേദിയൊരുക്കുകയാണ് ലക്ഷ്യം. ബാങ്കിംഗ് മുതൽ ഹെൽത്ത്കെയർ വരെയുള്ള വിവിധ മേഖലകളിൽ യാഥാർത്ഥ്യ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ വികസിപ്പിക്കാൻ അവസരമുണ്ട്. 50 ശതമാനം വനിതാ പങ്കാളിത്തം ഉറപ്പാക്കുന്ന ഹാക്കത്തോൺ മെയ് മാസത്തിൽ സമാപിക്കും. മികച്ച ടീമുകൾ പൂനെയിൽ നടക്കുന്ന ചടങ്ങിൽ ആദരിക്കപ്പെടും.

# എൻഎസ്ഇയിൽ ഇനി ഇമ്മീഡിയറ്റ് അക്നോളജ്മെന്റ് സംവിധാനം

കൊച്ചി: നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് (എൻഎസ്ഇ),വ്യാപാര രംഗത്ത് വിപ്ലവകരമായ മാറ്റം കുറിച്ചുകൊണ്ട് നാനോ സെക്കൻഡുകൾക്കുള്ളിൽ ഓർഡറുകൾക്ക് മറുപടി നൽകുന്ന ‘ഇമ്മീഡിയറ്റ് അക്നോളജ്മെന്റ്’ സംവിധാനം നടപ്പിലാക്കുന്നു. കറൻസി, കമ്മോഡിറ്റി, ക്യാഷ് (മൂലധന വിപണി), ഇക്വിറ്റി ഡെറിവേറ്റീവ്സ് എന്നീ നാല് പ്രധാന വിഭാഗങ്ങളിലും ഏപ്രിൽ 11 മുതൽ ഈ അതിവേഗ സംവിധാനം നിലവിൽ വന്നതായി അധികൃതർ വ്യക്തമാക്കി.

ഇതുവരെ 100 മൈക്രോസെക്കൻഡുകൾ എടുത്തിരുന്ന സ്ഥാനത്താണ് ഓർഡർ ലഭിച്ചാലുടൻ സെക്കൻഡിന്റെ നൂറുകോടിയിലൊരംശം സമയം കൊണ്ട് (നാനോസെക്കൻഡ്) മറുപടിനൽകുന്ന സാങ്കേതികവിദ്യ എൻഎസ്ഇ വികസിപ്പിച്ചത്. പുതിയ സംവിധാനത്തിലൂടെ, നിക്ഷേപകർ അയക്കുന്ന ഓരോ ഓർഡറും എക്സ്ചേഞ്ചിന്റെ ട്രേഡിംഗ് സിസ്റ്റത്തിൽ എത്തിയ ഉടൻ തന്നെ നാനോ സെക്കൻഡുകൾക്കുള്ളിൽ അതിന്റെ സ്ഥിരീകരണം തിരികെ ലഭിക്കും. ഇതിനു പിന്നാലെ സാധാരണ നടപടിക്രമങ്ങളിലൂടെ ഓർഡർ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന സന്ദേശവും എത്തും. ഇടപാടുകൾ ലഭിച്ചോ എന്ന കാര്യത്തിൽ ഉടനടി വ്യക്തത ലഭിക്കുന്നത് വിപണിയിലെ സുതാര്യതയും കൃത്യതയും വർദ്ധിപ്പിക്കും. പുതിയ എൻക്രിപ്ഷൻ സാങ്കേതിക വിദ്യയുടെ ഭാഗമായി വിവിധ ഘട്ടങ്ങളിലായാണ് ഈമാറ്റംകൊണ്ടുവന്നത്. കറൻസി ഡെറിവേറ്റീവ്സ് 2025 ജൂലൈ 12 മുതൽ നിലവിൽ വന്നു. കമ്മോഡിറ്റി ഡെറിവേറ്റീവ്സ് 2025 ഡിസംബർ 13 മുതൽ നടപ്പിലാക്കി. മൂലധനവിപണിയും ഇക്വിറ്റിഡെറിവേറ്റീവ്സും 2026 ഏപ്രിൽ 11 മുതൽ പൂർണ്ണമായും സജ്ജമാകും. നിലവിലെ സംവിധാനത്തിൽ നിന്ന് പുതിയ രീതിയിലേക്ക് നിക്ഷേപകർക്കും അംഗങ്ങൾക്കും സുഗമമായി മാറുന്നതിനായി നിശ്ചിത കാലയളവിൽ ഇരു സംവിധാനങ്ങളും ഒരേസമയം പ്രവർത്തിക്കുമെന്നും അധികൃതർ വ്യക്തമാക്കി.

# ശുഭ് ടു സ്മാർട്ട് : റിലയൻസ് ജുവൽസിൽ അക്ഷയ തൃതീയ ഓഫർ

**കൊച്ചി / മുംബൈ:** റിലയൻസ് ജുവൽസ് അക്ഷയ തൃതീയ ദിനത്തോടനുബന്ധിച്ച് സ്വർണാഭരണങ്ങൾക്കും ഡയമണ്ട് ആഭരണങ്ങൾക്കും ഓഫറുകൾ പ്രഖ്യാപിച്ചു. ഉപഭോക്താക്കൾക്ക് സ്വർണാഭരണങ്ങൾ ഫൽറ്റ് 9% മേക്കിംഗ് ചാർജിൽ ലഭിക്കും. ഡയമണ്ട് ആഭരണങ്ങളിൽ സ്വർണത്തിന്റെ മൂല്യത്തിൽ 99% വരെ ഇളവ് ലഭിക്കും, അതിനാൽ ഉപഭോക്താക്കൾ പ്രധാനമായും ഡയമണ്ടിന്റെ മൂല്യത്തിനാണ് പണം നൽകുന്നത്. ഈ ഓഫർ 2026 ഏപ്രിൽ 19 വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുമെന്ന് റിലയൻസ് ജുവൽസ് അധികൃതർ വ്യക്തമാക്കി. ഉപഭോക്താക്കൾക്ക് ഇന്ത്യയിലുടനീളം 140ത്തിലധികം ഷോറൂമുകളിലും ഓൺലൈൻ വഴിയും റിലയൻസ് ജുവൽസിന്റെ മനോഹരമായി രൂപകൽപ്പന ചെയ്ത ശേഖരങ്ങൾ പരിശോധിക്കാനും സ്വർണവും ഡയമണ്ട് ആഭരണങ്ങളിലും ആകർഷകമായ ഓഫറുകൾ പ്രയോജനപ്പെടുത്താനും കഴിയും.

# സമനിലയിൽ കുരുങ്ങി കേരള ബ്ലാസ്റ്റേഴ്സ്



**കൊച്ചി:** ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ്സിക്കെതിരെ നടന്ന മൽസരത്തിൽ സമനിലയിൽ കുരുങ്ങി കേരള ബ്ലാസ്റ്റേഴ്സ്. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന ആവേശം നിറഞ്ഞ പോരാട്ടത്തിനൊടുവിൽ മത്സരത്തിൽ ഇരുടീമുകളും ഓരോ ഗോൾ വീതം നേടി പിരിഞ്ഞു. വിജയത്തിലേക്ക് നീങ്ങുകയായിരുന്ന ബ്ലാസ്റ്റേഴ്സിനെതിരെ നോർത്ത് ഈസ്റ്റ് അവസാന നിമിഷം നേടിയ ഗോളാണ് ബ്ലാസ്റ്റേഴിസിന്റെ തുടർച്ചയായ രണ്ടാം വിജയമോഹം തടഞ്ഞത്.

വിബിൻ മോഹനൻ, കെവിൻ യോക്ക്, വിക്ടർ ബെർട്ടോമിയു എന്നിവരെ മുൻനിർത്തിയുള്ള ആക്രമണനിരയുമായാണ് ബ്ലാസ്റ്റേഴ്സ് കളത്തിലിറങ്ങിയത്. വികാഷ് യുമനം പ്രതിരോധത്തിന് നേതൃത്വം നൽകി. മത്സരത്തിന്റെ തുടക്കം മുതൽ തന്നെ പന്ത് കൈവശം വെച്ച് കളിച്ച ബ്ലാസ്റ്റേഴ്സ് മികച്ച മുന്നേറ്റങ്ങൾ സംഘടിപ്പിച്ചു. ഇതിന്റെ ഫലമായി 41 ാം മിനിറ്റിൽ ഫല്ലോ എൻഡിയേയുടെ ഒരു അക്രോബാറ്റിക് ഗോൾ ശ്രമം ബോക്സിനുള്ളിൽ ആശയക്കുഴപ്പമുണ്ടാക്കുകയും അത് നോർത്ത് ഈസ്റ്റ് താരത്തിന്റെ സെൽഫ് ഗോളിൽ കലാശിക്കുകയും ചെയ്തു. ഇതോടെ ആദ്യ പകുതിയിൽ ബ്ലാസ്റ്റേഴ്സ് 1-0ന് മുന്നിലെത്തി. രണ്ടാം പകുതിയിലും ആധിപത്യം തുടർന്ന ബ്ലാസ്റ്റേഴ്സ് ലീഡ് വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. കെവിൻ യോക്കിന്റെ ഒരു മികച്ച മുന്നേറ്റം ഗോളിലേക്ക് എത്തിയെന്ന് തോന്നിച്ചെങ്കിലും അത് നേരിയ വ്യത്യാസത്തിൽ പരാജയപ്പെട്ടു. മറുഭാഗത്ത് നോർത്ത് ഈസ്റ്റിന്റെ ഒരു ഉറച്ച ഗോൾ അവസരം ബ്ലാസ്റ്റേഴ്സ് ഗോൾകീപ്പർ അർഷ് ഷെയ്ഖ് തകർപ്പൻ സേവിലൂടെ തടഞ്ഞു. കളി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി രണ്ടാം പകുതിയിൽ ഫ്രാഞ്ചുവിനെയും മത്യാസിനെയും ബ്ലാസ്റ്റേഴ്സ് മൈതാനത്തിറക്കിയിരുന്നു. വിജയം ഉറപ്പിച്ചെന്ന് തോന്നിച്ച ഘട്ടത്തിൽ, കളിയുടെ 88ാം മിനിറ്റിലാണ് നോർത്ത് ഈസ്റ്റ് സമനില ഗോൾ കണ്ടെത്തിയത്. ബോക്സിനുള്ളിലെ കൂട്ടപ്പൊരിച്ചിലിനിടയിൽ പോസ്റ്റിൽ തട്ടിത്തെറിച്ച പന്ത് ലാൽബിയാക്നിയ വലയിലെത്തിക്കുകയായിരുന്നു. അധികസമയത്ത് ബ്ലാസ്റ്റേഴ്സ് വിജയത്തിനായി കിണഞ്ഞു പരിശ്രമിച്ചെങ്കിലും നോർത്ത് ഈസ്റ്റ് പ്രതിരോധം ഉറച്ചുനിന്നു. ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് ജംഷഡ്പൂർ എഫ്സിക്കെതിരെയാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

## ഐസിഐസിഐ പ്രുഡൻഷ്യൽ:

# അറ്റാദായം 1,600 കോടി രൂപയായി ഉയർന്നു

**കൊച്ചി:** 2026 സാമ്പത്തിക വർഷം ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ലാഭത്തിൽ വൻ കുതിച്ചുചാട്ടം രേഖപ്പെടുത്തി. കമ്പനിയുടെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 34.6 ശതമാനം വർദ്ധിച്ച് 1,600 കോടി രൂപയിലെത്തി.

കമ്പനിയുടെ പുതിയ ബിസിനസ്സ് മൂല്യം വാർഷികാടിസ്ഥാനത്തിൽ 10.9 ശതമാനം വളർച്ചയോടെ 2,629 കോടി രൂപയായി ഉയർന്നു. വിഎൻബി മാർജിൻ 24.7 ശതമാനമാണ്. ഉപഭോക്താക്കളുടെ ആകെ ഇൻഷുറൻസ് പരിരക്ഷാ തുക 16.9 ശതമാനം വളർച്ചയോടെ 46.11 ലക്ഷം കോടി രൂപയിലെത്തി. ഇതിൽ റീട്ടെയിൽ പുതിയ ബിസിനസ്സ് സം അഷേർഡ് 35.3 ശതമാനം വർദ്ധിച്ച് 4.5 ലക്ഷം കോടി രൂപയായി. കമ്പനി കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 3.14 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. ആകെ പ്രീമിയം വരുമാനം 53,125 കോടി രൂപയായും പുതിയ ബിസിനസ്സ് പ്രീമിയം 24,810 കോടി രൂപയായും ഉയർന്നു. കമ്പനിയുടെ എംബഡഡ് മൂല്യം 10.5 ശതമാനം വളർച്ചയോടെ 52,989 കോടി രൂപയിലെത്തി. 99.3 ശതമാനം ക്ലെയിമുകളും കമ്പനി തീർപ്പാക്കി. ശരാശരി 1.1 ദിവസത്തിനുള്ളിലാണ് ക്ലെയിമുകൾ നൽകിയത്. കമ്പനിയുടെ സേവിംഗ്സ് വിഭാഗത്തിലെ ചെലവ് പ്രീമിയം അനുപാതം 12.1 ശതമാനമായി കുറഞ്ഞു. ഓരോ ഓഹരിക്കും 1.65 രൂപ വീതം അന്തിമ ലാഭവിഹിതം നൽകാൻ കമ്പനി ശുപാർശ ചെയ്തു. കമ്പനിയുടെ സോൾവൻസി അനുപാതം 227.3 ശതമാനമാണ്. ഇത് നിയന്ത്രണ ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള 150 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്. കമ്പനിയുടെ പ്രവർത്തനത്തിന്റെ 25ാം വർഷത്തിൽ 20 കോടിയിലധികം ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകാൻ സാധിച്ചതായി എംഡിയും സിഇഒയുമായ അനൂപ് ബാഗ്ചി പറഞ്ഞു. സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇൻഷുറൻസ് സേവനങ്ങൾ കൂടുതൽ ലളിതമാക്കാനാണ് ലക്ഷ്യമിടുന്നത്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വൈവിധ്യമാർന്ന ഇൻഷുറൻസ് പദ്ധതികളും വിതരണ ശൃംഖലയുടെ വിപുലീകരണവുമാണ് കമ്പനിയുടെ ഈ മികച്ച വളർച്ചയ്ക്ക് പിന്നിലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.






# ഫ്ളിപ്കാർട്ട് ഉബറുമായി കൈകോർക്കുന്നു




**കൊച്ചി:** ഫ്ളിപ്കാർട്ട് ഉബറിനൊപ്പം പങ്കാളിത്തത്തിൽ എത്തി, യോഗ്യമായ യാത്രകളിൽ ഉപയോക്താക്കൾക്ക് സൂപ്പർ കോയിൻസ് സമ്പാദിക്കാൻ അവസരമൊരുക്കുന്നു.

അക്കൗണ്ടുകൾ ലിങ്ക് ചെയ്താൽ, യാത്രാ നിരക്കിന്റെ 4% വരെ സൂപ്പർകോയിൻസ് ആയി ലഭിക്കും. ഓരോ യാത്രക്കും പരമാവധി 150 കോയിനുകൾ ലഭിക്കുമ്പോഴും, മൊത്തം സമ്പാദ്യത്തിന് പരിധിയില്ല. ഈ റിവാർഡുകൾ ഫ്ളിപ്കാർട്ട് , ക്ലിയർട്രിപ്പ് എന്നിവയിലും മറ്റ് പങ്കാളിത്ത പ്ലാറ്റ്ഫോമുകളിലും ഉപയോഗിക്കാം.

പുതിയതോ ദീർഘകാലമായി ഉപയോഗിക്കാത്തതോ ആയ ഉബർ ഉപയോക്താക്കൾക്ക് 150 ബോണസ് കോയിനുകളും, ഏപ്രിൽ 15 മുതൽ 30, 2026 വരെ അക്കൗണ്ട് ലിങ്ക് ചെയ്യുന്നവർക്ക് അധികമായി 50 കോയിനുകളും ലഭിക്കും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com